പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 10-06-2013 ലെ

നിയമസഭാ ചോദ്യം നമ്പർ : 37 | മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| എ) | മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) | മുഖ്യമന്ത്രിയുടെ ഭരണനിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങളിൽ എത്തിക്കുക എന്നതാണ് മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ് സൈറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സിഡിറ്റിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെയാണ് വെബ്സൈറ്റ് പ്രവർത്തിക്കുന്നത്. |
| ബി) | എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റ് വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | മുഖ്യമന്ത്രിയുടെ ചേംബറിന്റെയും ഓഫീസിന്റെയും തത്സമയ സംപ്രേഷണം, 24X7 ഓൺലൈൻ പരാതിപരിഹാര സെല്ലിൽ പരാതി നൽകുവാനും അവയുടെ നിജസ്ഥിതി അറിയുവാനും സെക്രട്ടേറിയറ്റിലെ ഫയലുകളെക്കുറിച്ച് അറിയുവാനും മുഖ്യമന്ത്രിക്ക് പരാതി നൽകുവാനും ഉള്ള സൗകര്യങ്ങൾ, വിഷൻ 2030 നൂതനാശയ ബോക്സ് തുടങ്ങിയ സംവിധാനങ്ങളാണ് ഇതിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്നത്. |
| സി) | പ്രസ്തുത വെബ്സൈറ്റിന് കേന്ദ്രസർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ഉണ്ട്. സർക്കാർ വെബ്സൈറ്റുകൾക്ക് അവയുടെ മികവിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ കേന്ദ്രഗവൺമെന്റ് നൽകുന്ന വെബ് രത്ന ഗോൾഡൻ അവാർഡാണ് ലഭിച്ചത്. |
| ഡി) | എങ്കിൽ ഏത് അടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുഖ്യമന്ത്രി ഭരണത്തിൽ ജനപങ്കാളിത്തം കൊണ്ടുവന്നതിനാണ് ഈ അവാർഡ്. സേവനങ്ങൾ നൽകുന്നതിൽ സാങ്കേതിക വിദ്യയുടെ പങ്കാളിത്തം, ഭരണത്തിലെ ജനപങ്കാളിത്തം, മികവുറ്റ ഉള്ളടക്കം, സാങ്കേതിക വിദ്യയുടെ ഭാവനാപൂർണ്ണമായ വിനിയോഗം തുടങ്ങിയ വിഭാഗങ്ങളിലാണ് ഈ ദേശീയ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. മൂന്ന് തലങ്ങളിൽ വിദഗ്ധ സമിതി പരിശോധിച്ചശേഷമാണ് അവാർഡ് പ്രഖ്യാപിച്ചത്. |

R Jayasree

സെക്ഷൻ ഓഫീസർ